പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 244 | 26.09.2016 ൽ മറുപടിയ്ക്ക് |
|---|---|
| **നിർഭയ ഹോം ഷെൽട്ടർ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.എൽദോസ് കുന്നപ്പിള്ളി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)** |
| (എ) എറണാകുളം ജില്ലയിലെ നിർഭയ കേന്ദ്രം കാക്കനാട് വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) എറണാകുളം ജില്ലാ പഞ്ചായത്ത് നിർഭയ ഹോം ഷെൽട്ടർ ഒരു വർഷം മുൻപ് സകല സൗകര്യങ്ങളോടും കൂടി പിറവം ഇടയ്ക്കാട്ടുവയൽ പഞ്ചായത്തിൽ പണികഴിപ്പിച്ചിട്ടും സർക്കാർ ഇത് ഏറ്റെടുത്ത് അങ്ങോട്ട് മാറ്റുന്നതിനു ഇതുവരെയും നടപടി സ്വീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും ആയത് ഏറ്റെടുക്കുമെങ്കിൽ എന്നത്തേക്ക് ഏറ്റെടുക്കും എന്ന് വിശദമാക്കുമോ; | (സി) താമസക്കാരുടെ പഠന സംബന്ധമായ കാര്യങ്ങൾക്കും അടിയന്തിരഘട്ടത്തിൽ പോലീസ്, ആശുപത്രി സേവനങ്ങൾ ലഭിക്കുന്നതിനും ഇപ്പോൾ കാക്കനാട് വള്ളിക്കീഴിൽ പ്രവർത്തിച്ചു വരുന്ന ഷെൽട്ടർ ഹോം വളരെ സൗകര്യപ്രദമായതിനാലും എടയ്ക്കാട്ടുവയലിലേയ്ക്ക് ഷെൽട്ടർ ഹോം മാറ്റുമ്പോൾ പ്രസ്തുത സേവനങ്ങൾ ലഭിക്കുന്നതിന് ബുദ്ധിമുട്ടാകുമെന്നുള്ളതിനാലും നിലവിൽ എറണാകുളം ജില്ലാ പഞ്ചായത്ത് നിർഭയ ഷെൽട്ടർ ഹോമിനു വേണ്ടി പണികഴിപ്പിച്ചിട്ടുള്ള കെട്ടിടം, ഷെൽട്ടർ ഹോമായി പ്രവർത്തിപ്പിക്കുന്നതിനു പകരം, സംസ്ഥാനത്തെ വിവിധ നിർഭയ ഷെൽട്ടർ ഹോമുകളിൽ താമസിക്കുന്ന 18 വയസ്സിനു മുകളിലുള്ള സ്ത്രീകളെ സമൂഹത്തിലെ മുഖ്യധാരയിലേക്കുള്ള പുനരേകീകരണവുമായി ബന്ധപ്പെട്ട് തൊഴിൽ പരിശീലന പരിപാടികൾക്കായും ചെറുകിട വ്യവസായ സംരംഭ യൂണിറ്റായും പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ